"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ് -സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ ഡിസാസ്റ്റർ റിക്കവറി സൈറ്റിലെ SAN സ്വിച്ചുകൾ, സ്റ്റോറേജ് എന്നിവയുടെ വിതരണം, ഇൻസ്റ്റലേഷൻ, കമ്മീഷൻ ചെയ്യൽ എന്നീ പ്രവൃത്തികൾക്ക് സ്റ്റാർ വൺ ഐ.ടി സൊല്യൂഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് വർക്ക് ഓർഡർ നൽകുന്നതിന് കേരള സ്റ്റേറ്റ് ഐ ടി മിഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.263/2023/ITD തീയതി,തിരുവനന്തപുരം, 30-12-2023

പരാമർശം:-

1. സ.ഉ(സാധാ)നം.123/2023/ഐ.ടി, തീയതി 05.06.2023.
2. 09.10.2023 - ൽ ചേർന്ന കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ടെക്നിക്കൽ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.
3. 23.11.2023 ലെ കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറുടെ എസ്.ഡി.സി/13/2023-കെ.എസ്.ഐ.ടി.എം നമ്പർ കത്ത്.

**ഉത്തരവ്**

സ്റ്റേറ്റ് ഡാറ്റാ സെന്റർ, ഡിജിറ്റൽ ആർക്കിടെക്ച്ചർ പദ്ധതികൾക്കായി Scheme for Special Assistance to States for Capital Investment-2022-23 പ്രകാരം കേന്ദ്ര സഹായം ലഭിക്കുകയും പരാമർശം (1) ഉത്തരവ് പ്രകാരം ആകെ ₹35,11,54,000/- രൂപ അനുവദിക്കുകയുമുണ്ടായി. ചുവടെ കാണുന്ന പ്രവർത്തികൾക്കായാണ് കേരള സ്റ്റേറ്റ് ഐ.ടി മിഷന് തുക അനുവദിച്ചിരുന്നത് : -

- സ്റ്റേറ്റ് ഡാറ്റാ സെന്റർ വിപുലീകരിക്കുന്നതിനും (ക്ലൗഡ് & കണ്ടെയ്നർ പ്ലാറ്റ്ഫോം നടപ്പിലാക്കൽ, ഐടി/ഐടി ഇതര ഇൻഫ്രാസ്ട്രക്ചർ ചെലവുകൾ) ഡിസാസ്റ്റർ റിക്കവറി സൈറ്റ് സ്ഥാപിക്കുന്നതിനും -30 കോടി രൂപ
- ഐടി ഇൻഫ്രാസ്ട്രക്ചർ ചെലവുകൾ (SAN സ്റ്റോറേജ് & ടേപ്പ് ലൈബ്രറി പർച്ചേസ്, ബാക്കപ്പ് സൊല്യൂഷൻ, സെക്യൂരിറ്റി ഇൻഫർമേഷൻ&ഇവന്റ് മാനേജ്മെന്റ് സൊല്യൂഷൻ)- 3.0827 കോടി രൂപ
- ഡിജിറ്റൽ ആർക്കിടെക്ച്ചർ -2.0327 കോടി രൂപ

2) തുടർന്ന്, ഡിസാസ്റ്റർ റിക്കവറി സൈറ്റിലെ സ്റ്റോറേജിന്റെയും SAN സ്വിച്ചുകളുടെയും വിതരണം, ഇൻസ്റ്റലേഷൻ, കമ്മീഷൻ ചെയ്യൽ എന്നിവയ്ക്കായി കേരള സ്റ്റേറ്റ് ഐ ടി മിഷൻ ടെൻഡർ ക്ഷണിക്കുകയും ബിഡ്ഡുകളുടെ സാങ്കേതികവും സാമ്പത്തികവുമായ മൂല്യനിർണ്ണയത്തിനുശേഷം M/s സ്റ്റാർവൺ ഐടി സൊല്യൂഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് L1 ലേലക്കാരനായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. എല്ലാ നികുതികളും ഉൾപ്പെടെ ₹2,53,98,821.50/- (രണ്ട് കോടി അൻപത്തിമൂന്ന് ലക്ഷത്തി

തൊണ്ണൂറ്റെണ്ണായിരത്തി എണ്ണൂറ്റി ഇരുപത്തൊന്ന് രൂപ അൻപത് പൈസ മാത്രം) ആണ് കമ്പനി മുന്നോട്ട് വെച്ച നിരക്ക്. L1 ലേലക്കാരന് വർക്ക് ഓർഡർ നൽകുന്നതിന് അനുമതി നല്കണമെന്ന് പരാമർശം (3) പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ ഡിസാസ്റ്റർ റിക്കവറി സൈറ്റിലെ SAN സ്വിച്ചുകൾ, സ്റ്റോറേജ് എന്നിവയുടെ സപ്ലൈ, ഇൻസ്റ്റലേഷൻ, കമ്മീഷൻ ചെയ്യൽ എന്നിവയ്ക്കായി കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ ടെണ്ടർ പ്രക്രിയയിൽ L1 ലേലക്കാരനായി തെരഞ്ഞെടുക്കപ്പെട്ട M/s സ്റ്റാർ വൺ ഐ.ടി സൊല്യൂഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് നികുതികൾ ഉൾപ്പെടെ ₹2,53,98,821.50/- (രണ്ട് കോടി അൻപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റെണ്ണായിരത്തി എണ്ണൂറ്റി ഇരുപത്തൊന്ന് രൂപ അൻപത് പൈസ മാത്രം) എന്ന തുകയ്ക്ക് വർക്ക് ഓർഡർ നൽകുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് കുമാർ എം
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ ടി മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ)കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള , തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യു മീഡിയ ) ഐ&പി ആർ ഡി
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
R Mahesh
സെക്ഷൻ ഓഫീസർ
Date: 30-12-2023 13:36:55